LIBRARY ARCHIVES Kerala Legislative Assembly

## പുതിയകാവ് നെഞ്ചുരോഗാശുപത്രിയിലെ സീനിയർ സ്പെഷ്യലിസ്റ്റിന്റെ തസ്തിക

147 [2640] ശ്രീ. എ. എൻ. രാജൻബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുലയനാർകോട്ട നെഞ്ചുരോഗാശുപത്രി കഴിഞ്ഞാൽ തെക്കൻകേരളത്തിലെ ഏറ്റവും വലിയ ഹോസ്പിറ്റലായ പുതിയകാവ് നെഞ്ചുരോഗാശുപത്രിയിൽ സീനിയർ സ്പെഷ്യലിസ്റ്റിന്റെ തസ്തിക നിലവിലില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സീനിയർ സ്പെഷ്യലിസ്റ്റിന്റെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആരോഗ്യവകുപ്പിൽ സ്പെഷ്യാലിറ്റി തസ്തികകൾ സൃഷ്ടിക്കുന്നതിന്റെ ആദ്യപടിയായി സംസ്ഥാനത്തെ 100 കിടക്കകളിൽ അധികം കിടത്തി ചികിൽസാ സൗകര്യങ്ങളുള്ള അലോപ്പതി ആശുപത്രികളിലും സ്പെഷ്യാലിറ്റി ആശുപത്രികളിലും സീനിയർ സ്പെഷ്യലിസ്റ്റിന്റെയും ജൂനിയർ സ്പെഷ്യലിസ്റ്റിന്റെയും തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ പുതിയകാവ് നെഞ്ചുരോഗാശുപത്രിയിൽ 50 കിടക്കകളുടെ സൗകര്യമേ നിലവിലുള്ളൂ. ആയതിനാൽ 100 കിടക്കകളിൽ കുറഞ്ഞ ചികിൽസാ സൗകര്യങ്ങളുള്ള ആശുപത്രികളിലും സ്പെഷ്യാലിറ്റി തസ്തികകൾ വഴി പുതിയ സീനിയർ സ്പെഷ്യലിസ്റ്റുകളുടെ തസ്തിക സൃഷ്ടിക്കുമ്പോൾ ടി ആശുപത്രിയിലും സീനിയർ സ്പെഷ്യലിസ്റ്റിന്റെ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## പി.എച്ച്.സി.-കളിൽ ജീവനക്കാരേയും ഡോക്ടർമാരേയും നിയമിക്കാൻ നടപടി

148 [2641] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പന്തളം നിയോജകമണ്ഡലത്തിലെ ആലപ്പുഴ ജില്ലയിൽപ്പെടുന്ന ചുനക്കര പി.എച്ച്.സി., പടനിലം പി.എച്ച്.സി., പാലമേൽ ആരോഗ്യ ഉപകേന്ദ്രം എന്നിവിടങ്ങളിൽ ആവശ്യത്തിന് ജീവനക്കാരേയും ഡോക്ടർമാരേയും നിയമിക്കാൻ നടപടി സ്വീകരിക്കുമോ?